ഉത്തരം

(എ-സി) ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന റോഡുവികസന പദ്ധതിയുടെ നടത്തിപ്പു ചുമതല പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് ടീമാണ് നിർവ്വഹിച്ചു വരുന്നത്. പണിയുടെ ഗുണനിലവാരം സംബന്ധിച്ച് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കർശനമായും സമയബന്ധിതമായും പാലിക്കുന്നുവെന്ന് ഉറപ്പാക്കിക്കുന്നതിനുള്ള നടപടികൾ പ്രോജക്ട് മാനേജ്മെന്റ് ടീം സ്വീകരിച്ചിട്ടുണ്ട്.

കാസർകോഡ് മുതൽ കണ്ണൂർ വരെയുള്ള എൻ. എച്ച്. 17 വികസിപ്പിക്കാൻ പദ്ധതി

46 (4325) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികസനരംഗത്ത് പിന്നോക്കാവസ്ഥയിലുള്ള കാസർഗോഡ് മുതൽ കണ്ണൂർ വരെയുള്ള എൻ. എച്ച്-17ന്റെ ഭാഗം വികസിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കാമോ ?

ഉത്തരം

(എ&ബി) എൻ. എച്ച്. 17-ൽ കാസർകോഡ് മുതൽ കണ്ണൂർ വരെയുള്ള ഭാഗം രണ്ടുവരിപാതയാക്കി വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ 20 കിലോമീറ്റർ ഒഴികെയുള്ള ഭാഗം ഐ. ആർ. ക്യു.പി. പ്രകാരം ഉപരിതലം പുതുക്കിയിട്ടുണ്ട്. വെള്ളൂർ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ മരാമത്ത് പണികൾ

47 (4326) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് എത്ര കോടി രൂപയുടെ മരാമത്ത് പണികൾ നടത്തിയിട്ടുണ്ട് :

(ബി) നിയോജകമണ്ഡലം തിരിച്ച് വിശദാംശം വ്യക്തമാക്കാമോ :

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്തെല്ലാം പൊതുമരാമത്ത് വർക്കുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട് :

(ഡി) മണ്ഡലം തിരിച്ച് വിശദാംശം വ്യക്തമാക്കാമോ :

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും വേണ്ടി ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം വർക്കുകൾ സർക്കാരിന്റെ പരിഗണനയിലുണ്ട് ;

(എഫ്) ഇവയ്ക്ക് എപ്പോൾ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദേശീയപാതാവിഭാഗത്തിൽ 412, 130, 843 രൂപയുടെ മരാമത്ത് പണികൾ നടത്തിയിട്ടുണ്ട്. മറ്റുവിഭാഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു.

(ബി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഈ സർക്കാർ നടത്തിയ മരാമത്ത് പണികൾ

48 (4327) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് എത്ര തുകയുടെ മരാമത്ത് പണികൾ നടത്തിയെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ :

(ബി) ഈ കാലയളവിൽ പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണത്തിനായി ചെലവിട്ട തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ബിൽഡിംഗ് വിഭാഗം ചെലവിട്ട തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തുതുക മരാമത്ത് പണികൾക്കായി വിദേശ വായ്പ ലഭിച്ചു എന്നും ഏതൊക്കെ പണിക്ക് എത്ര രൂപ വീതമാണ് ലഭിച്ചത് എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)- ദേശീയ പാതാവിഭാഗത്തിൽ 41.21.30.483 രൂപയുടെ മരാമത്ത് പണികൾ നടത്തിയിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരവും മറ്റ് വിഭാഗങ്ങളെ സംബന്ധിച്ച വിവരവും ശേഖരിച്ചു നൽകുന്നതാണ്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ലോക ബാങ്കിൽ നിന്നും 60.67 കോടി രൂപ വായ്പ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ റോഡുകളുടെ വികസനത്തിനായി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി (കെ.എസ്.റ്റി.പി.)-യ്ക്ക് വേണ്ടിയാണ് പ്രസ്തുത തുക ലഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly